സി.പി.(3) 8818/2024 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 29-01-2026.

**സർക്കുലർ നം. 6/2026**

വിഷയം : സഹകരണ വകുപ്പ് - സാമൂഹ്യസുരക്ഷാ പെൻഷൻ കൺസോർഷ്യത്തിലേക്ക് നിക്ഷേപിച്ചിട്ടുള്ള തുക തരളധനത്തിൽ ഉൾപ്പെടുന്നതിനുള്ള മാർഗനിർദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന : സർക്കാരിന്റെ 22-01-2026 ലെ ജി.ഒ.(എം.എസ്) 03/2026/സഹ നമ്പർ ഉത്തരവ്.

സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിന്റെ സുഗമമായ നടത്തിപ്പിനായി സർക്കാർ രൂപീകരിച്ചിട്ടുള്ള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനിയിലേക്ക് പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും തുക സമാഹരിക്കുന്നതിന് സർക്കാരിന്റെ 10-08-2018 ലെ ജി.ഒ.(ആർ.ടി) 506/2018/സഹ നമ്പർ ഉത്തരവ് പ്രകാരം അനുമതി ലഭിക്കുകയും ടി നിർദേശാനുസരണം, പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും തുക സമാഹരിച്ച് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കൺസോർഷ്യത്തിലേയ്ക്ക് സംഘങ്ങൾ നിക്ഷേപിക്കുകയും ടി തുക ഫണ്ട് മാനേജർ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനിക്ക് നൽകുകയും ചെയ്തു വരുന്നുണ്ട്. ഇപ്രകാരം സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കൺസോർഷ്യത്തിലേക്ക് നിക്ഷേപിക്കുന്ന തുക, സംഘങ്ങളുടെ ആഡിറ്റിൽ, തരളധനത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം എന്നത്, ടി തുകയുടെ സമാഹരണവുമായി ബന്ധപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർ ജില്ലാ തലത്തിൽ നടത്തിയ യോഗങ്ങളിൽ സംഘം പ്രതിനിധികൾ ഒരു പ്രധാന ആവശ്യമായി ഉന്നയിച്ചിരുന്നു.

കേരള സഹകരണ സംഘം നിയമം ചട്ടം 63 പ്രകാരം, ബാങ്കുകൾ പ്രവർത്തനമൂലധനമായി സ്വരൂപിക്കുന്ന നിക്ഷേപ തുകയുടെ നിശ്ചിത ശതമാനം, സർക്കാർ നിശ്ചയിക്കുന്ന നിരക്കിനും രീതിയ്ക്കും വിധേയമായി ചുവടെ ചേർക്കും പ്രകാരം തരളധനമായി സൂക്ഷിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(i) ഏതൊരു ദിവസത്തിലേയും വ്യാപാരം അവസാനിക്കുന്ന സമയത്ത് കാലാവധി പൂർത്തിയായി തിരികെ കൊടുക്കുവാൻ അർഹമായ സ്ഥിര നിക്ഷേപത്തിന്റെ മുഴുവൻ തുകയും

(ii) ഏതൊരു ദിവസത്തിലേയും വ്യാപാരം അവസാനിക്കുന്ന സമയത്ത് ഖണ്ഡിക(i) ഒഴികെയുള്ള ആവശ്യപ്പെടാവുന്നതും, തൽസമയ ബാദ്ധ്യതകളുടേയും മൊത്തം തുകയുടെ 20% തുകയും

കേരള സഹകരണ സംഘം നിയമം വകുപ്പ് 57 C Consortium Lending Scheme പ്രകാരം, സർക്കാർ നിർദേശിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേമായിട്ടാണ് പ്രാഥമിക സഹകരണ സംഘങ്ങൾ, സർക്കാർ രൂപീകരിച്ചിട്ടുള്ള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനിയിലേക്ക് തുക നിക്ഷേപിക്കുന്നത്.

സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കൺസോർഷ്യത്തിലേക്ക് നിശ്ചിത കാലാവധിക്ക് നൽകുന്ന തുക, കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് തിരികെ ലഭിക്കുന്നതാണ്. ട്രഷറികളിലെ നിക്ഷേപം എന്നതു പോലെ സർക്കാർ രൂപീകരിച്ചിട്ടുള്ള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനിയിലേക്ക് സംഘങ്ങൾ നൽകുന്ന നിക്ഷേപവും തരളധനമായി സംഘങ്ങളുടെ ആഡിറ്റിൽ കണക്കാക്കുന്നതിന് സർക്കാരിന്റെ അനുമതിക്കായി അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സഹകരണ നിയമം വകുപ്പ് 63(1) പ്രകാരം തരളധനം സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വ്യവസ്ഥയിൽ ഇളവ് അനുവദിക്കുന്നതിന്, ചട്ടം 63(2) പ്രകാരം സഹകരണ സംഘം രജിസ്ട്രാറെ ചുമതലപ്പെടുത്തി സൂചന പ്രകാരം സർക്കാർ ഉത്തരവായിരിക്കുന്നു.

സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി സർക്കാർ ഏറ്റെടുത്തിട്ടുള്ള സാമൂഹ്യ സുരക്ഷ പെൻഷൻ പദ്ധതിയിലേക്ക് കൂടുതൽ തുക കണ്ടെത്തേണ്ടതുള്ളതിനാലും ടി പദ്ധതിയിലേക്ക് നിക്ഷേപിക്കുന്നതിനായി കൂടുതൽ സംഘങ്ങൾ മുന്നോട്ട് വന്നിട്ടുള്ള സാഹചര്യത്തിലും കേരള സഹകരണ നിയമം വകുപ്പ് 57C വ്യവസ്ഥ ചെയ്തിട്ടുള്ള Consortium Lending Scheme പ്രകാരം രൂപീകരിച്ചിട്ടുള്ള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കൺസോർഷ്യത്തിലേക്ക് സംഘങ്ങൾ നൽകുന്ന തുക 100% സർക്കാർ ഗ്യാരണ്ടി ഉള്ളതിനാൽ, കേരള സഹകരണ നിയമം ചട്ടം 63(ii) (g) പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി തരളധനമായി കണക്കാക്കേണ്ടതാണ്.

ഒപ്പ്

ഡോ.ഡി.സജിത് ബാബു.ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:

1.ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2.എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.

3. എല്ലാ ജോയിന്റ് ഡയറക്ടർമാക്കും

4.സ്റ്റോക്ക് ഫയൽ/ സ്പെയർ

//നിർദേശാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.പി)